# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **3318** — 21-12-2012-ൽ മറുപടിക്ക്

## 2011-ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ചട്ടങ്ങൾ

**ചോദ്യം**

**ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ**

(എ) 2011-ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ പ്രകാരം വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയുടെ 50% അധികം ഈടാക്കുന്നതു കൊണ്ട് കെട്ടിടവും വസ്തുവും വാടകയ്ക്ക് നൽകി ഉപജീവനം നടത്തുന്നവർക്കുണ്ടാകുന്ന പ്രയാസം ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

**ഉത്തരം**

**ശ്രീ.മഞ്ഞളാംകുഴി അലി**

(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി)

(എ) & (ബി) 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ന് കീഴിലുള്ള പട്ടിക 9 പ്രകാരമാണ് വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയുടെ 50% അധിക തുക വ്യവസ്ഥ ചെയ്തിരുന്നത്. 2012 ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ഓർഡിനൻസ് (2012-ലെ 65-ാം നമ്പർ ഓർഡിനൻസ്) പ്രകാരം ഈ പട്ടിക ചട്ടങ്ങളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ